LIBRARY ARCHIVES Kerala Legislative Assembly

ചരിത്ര-സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്

61 (3345) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചരിത്ര-സാംസ്കാരിക പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി ചരിത്ര-സാസംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) '1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, '1972-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ' എന്നിവ അനുസരിച്ച് പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു ശാസ്ത്രസംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശില്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതുമുൾപ്പെടെ നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരള ചരിത്ര സാംസ്കാരിക പഠനങ്ങൾക്ക് സഹായകമാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ തൃപ്പൂണിത്തുറയിൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്ന സ്ഥാപനം ഇത്തരം പഠനങ്ങൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്.

(ബി) ഇതുസംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല.

കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി

62 (3346) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി (ഗവൺമെന്റ് ഓഫ് ഇന്ത്യാ ഗ്രാന്റ് ഇൻ എയ്ഡ് സ്കീം) പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് ധനസഹായം ലഭിക്കുന്നുണ്ട് എന്നും, പ്രസ്തുത സഹായം ലഭിക്കുന്നവരുടെ മേൽവിലാസം ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ 2014-2015 വരെയുള്ള ബഡ്ജറ്റ് വിഹിതം എത്രയാണെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ശിപാർശ ചെയ്യുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന കലാകാരന്മാർക്കാണ് കേന്ദ്ര കലാകാര പെൻഷൻ നൽകിവരുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന .കലാകാരന്മാരുടെ സെലക്ട് ലിസ്റ്റ് കേന്ദ്ര സർക്കാരിൽനിന്ന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മുറയ്ക്കാണ്, പ്രസ്തുത പെൻഷന്റെ സംസ്ഥാന വിഹിതം നൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും കേന്ദ്ര കലാകാര പെൻഷൻ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള ഉപഭോക്താക്കളുടെ പട്ടിക 2012-13 മുതൽ ലഭ്യമാക്കാത്തതുകൊണ്ട് നിലവിൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നുണ്ടെന്ന വിവരം ലഭ്യമല്ല. പ്രസ്തുത പട്ടിക ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന കലാകാര സാമ്പത്തിക ധനസഹായ പദ്ധതി പ്രകാരം സംസ്ഥാന വിഹിതം അർഹതപ്പെട്ടവർക്ക് കുടിശ്ശിക സഹിതം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2014-15 വരെയുള്ള ബഡ്ജറ്റ് വിഹിതം താഴെപറയും പ്രകാരമാണ്.

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2007-08	3 ലക്ഷം	4,17,000
2008-09	10 ലക്ഷം	1,48,678
2009-10	10 ലക്ഷം	60,000
2010-11	20 ലക്ഷം	8,04,500
2011-12	20 ലക്ഷം	2,50,706
2012-13	ഇല്ല	ഇല്ല
2013-14	ഇല്ല	ഇല്ല
2014-15	ഇല്ല	ഇല്ല

(സി) 2205-00-102-99 Men of Arts and letters in indigent circumstances- Grant in Aid (Government of India Grant-in aid-Scheme) Plan എന്ന ശീർഷകത്തിലാണ് തുക വകയിരുത്തിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly